ഉത്തരം

(എ) മെട്രോ സർവ്വീസുകൾ ആരംഭിച്ചിരുന്നു.

(ബി) രണ്ടു സർവ്വീസുകളാണ് ആരംഭിച്ചത്.

(സി) ഇപ്പോൾ ഒന്നും തന്നെ നിലവിലില്ല.

(ഡി) ഇല്ല.

(ഇ) വരുമാനം കുറവായതിനാലാണ് നിർത്തലാക്കിയത്.

റാന്നി താലൂക്കിലേക്കുള്ള കെ. എസ്. ആർ. ടി. സി. സർവ്വീസ് പുനരാരംഭിക്കൽ

72 (3604) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും റാന്നി താലൂക്കിലേയ്ക്ക് എത്ര ബസ് സർവ്വീസുകളാണുള്ളത് ;

(ബി) 2000 ഫ്രെബുവരി മാസത്തിലും മാർച്ച് 5-ാം തീയതിവരെയുള്ള ദിവസങ്ങളും ഇതിൽ ഓരോ ബസും എത്ര ദിവസം വീതം സർവ്വീസ് നടത്തിയിട്ടുണ്ട് ;

(സി) ഇടയ്ക്കിടെ മാത്രം സർവ്വീസ് നടത്തുന്നതു കൊണ്ട് കളക്ഷൻ കുറഞ്ഞു എന്ന കാരണത്താൽ സർവ്വീസുകൾ റദ്ദാക്കാൻ ചില ഉദ്യോഗസ്ഥർ നീക്കം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) റാന്നി സെക്ടറിൽ കെ. എസ്. ആർ. ടി. സി. സർവ്വീസ് നടത്തുന്ന റൂട്ടുകൾ മറ്റു സ്വകാര്യ ബസുകൾപോലും ഇല്ലാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇങ്ങനെ കെ. എസ്. ആർ. ടി. സി. ബസുകൾ മാത്രം സർവ്വീസ് നടത്തുന്ന റാന്നി സെക്ടറിലേയ്ക്ക് ബസ് അനുവദിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(എഫ്) സർവ്വീസുകൾ റദ്ദാക്കാൻ ആരെങ്കിലും മുൻകൈ എടുക്കുന്നുണ്ടോ ;

(ജി) സ്ഥിരമായി ഓടിക്കുന്ന ബസുകൾ റണ്ണിംഗ് കണ്ടീഷനിലായിട്ടും ഈ റൂട്ടുകളിലേക്ക് സർവ്വീസ് വിടാതിരുന്ന സംഭവം ഉണ്ടായിട്ടുണ്ടോ ;

(എച്ച്) റാന്നി സെക്ടറിലേയ്ക്ക് സർവ്വീസ് റദ്ദാക്കുന്ന സംഭവത്തെപ്പറ്റി അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) 14 സർവ്വീസുകൾ

(ബി) 06.00 മണി എറണാകുളം (ഫാസ്റ്റ് പാസഞ്ചർ) 25 ദിവസം.

LIBRARY ARCHIVES Kerala Legislative Assembly

06.20 മണി വയ്യാറ്റുപുഴ	33 ദിവസം
06.00 മണി പരുവ	33 ദിവസം
10.45 മണി കോട്ടയം	32 ദിവസം
10.05 മണി അങ്കമാലി	34 ദിവസം
10.20 മണി വെച്ചൂച്ചിറ	30 ദിവസം
10.40 മണി ബീമ്മയോട്	27 ദിവസം
06.30 മണി ആങ്ങമൂഴി	20 ദിവസം
06.35 മണി റാന്നി	32 ദിവസം
05.45 മണി പെരുംതേനരുവി	33 ദിവസം
06.00 മണി കഞ്ഞസമൻ	22 ദിവസം
06.30 മണി റാന്നി	33 ദിവസം
13.00 മണി റാന്നി	30 ദിവസം
05.40 മണി മോതിരവയൽ	17 ദിവസം

(സി) ബസിന്റെയും ജീവനക്കാരുടെയും ദൗർലഭ്യംമൂലം ചില ദിവസങ്ങളിൽ വരുമാനം കുറവുള്ള ചില സർവ്വീസുകൾ റദ്ദാക്കേണ്ടിവരാറുണ്ട്.

(ഡി) മിക്ക റൂട്ടുകളിലും സ്വകാര്യ ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(ഇ) ബസിന്റെയും ജീവനക്കാരുടെയും ദൗർലഭ്യം പരിഹരിക്കുന്നതോടെ ഇത്തരം റൂട്ടുകളിൽ കൃത്യമായി സർവ്വീസ് നടത്താൻ കഴിയും.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ചില പ്രത്യേക സാഹചര്യങ്ങളിൽ ബസിന്റെ കുറവ് നിമിത്തം റൂട്ടു മാറ്റി അയയ്ക്കേണ്ടി വരുന്നുണ്ട്.

(എച്ച്) വ്യക്തമായ പരാതിയിന്മേൽ അന്വേഷണം നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

ആതിരപ്പിള്ളിയിലേക്ക് കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് തുടങ്ങാൻ നടപടി

73 (3605) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര കേന്ദ്രമായ ആതിരപ്പിള്ളിയിലേക്ക് തിരുവനന്തപുരത്തുനിന്നും ആലപ്പുഴ-എറണാകുളം-ചാലക്കുടി വഴി കെ. എസ്.ആർ. ടി.സി. ഒരു ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ ബസ് സർവ്വീസ് ആരംഭിക്കുമോ ;

(ബി) മേൽപറഞ്ഞ സർവ്വീസ് എത്രയും പെട്ടെന്ന് തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത സർവ്വീസ് എന്നുമുതൽ തുടങ്ങാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly